**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3717 — 20.10.2016 -ലെ മറുപടിയ്ക്ക്

## ഓൺലൈൻ ഡിഗ്രി അഡ്മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ സംസ്ഥാനത്തെ ധീവര സമുദായത്തിലെ വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് അഡ്മിഷന് പരിഗണിച്ചിരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ സംസ്ഥാനത്തെ ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷത്തിൽ താഴെ എന്ന വാർഷിക വരുമാനമുള്ള ധീവര സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സാമുദായികമായും സാമ്പത്തികമായും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒ. ബി. എച്ച് വിഭാഗത്തിനർഹമായ സംവരണാനുകൂല്യം ധീവര സമുദായത്തിനു ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ധീവര സമുദായത്തിലെ വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി പരിഗണിച്ചതിനെതിരെ ആരെങ്കിലും കേരള യൂണിവേഴ്സിറ്റിക്ക് രേഖാമൂലം പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ഇതു സംബന്ധിച്ച പരാതികൾ കേരള സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ട്. ധീവര സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒ. ബി. എച്ച് സംവരണവും ഒ.ഇ.സി. വിഭാഗത്തിന് ലഭിക്കുന്ന ഫീസ് ആനുകൂല്യവും വരുന്ന അദ്ധ്യയന വർഷം ബിരുദ പ്രവേശനത്തിന് ബാധകമാക്കുന്നത് കേരള സർവ്വകലാശാല പരിഗണിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**